## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4035 12/12/2018-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉണ്ണി** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കൂടിച്ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | എ) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും, നിർണ്ണയിക്കുന്നതിനും, ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം എന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി. പ്രമേഹം കൊണ്ടുണ്ടാകുന്ന നേത്രപടല രോഗമായ നേത്രപടലാന്ധത (ഡയബറ്റിക് റെറ്റിനോപ്പതി), ഡയബറ്റിക് ഫൂട്ട്, ഗുരുതര ശ്വാസകോശ രോഗമായ സി.ഒ.പി.ഡി COPD തുടങ്ങിയ രോഗങ്ങളും മുൻകൂട്ടി കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ദിവസവും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലി രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കൊണ്ട് കുട്ടികളിലെ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിനായി ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനെസ് പ്രോഗ്രാം (LEAP) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇപ്പോൾ ഇത് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്. ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന ജീവിതശൈലി രോഗ നിർണ്ണയ പരിപാടിയുടെ പങ്കാളിത്തവും പരിപോഷണവും തദ്ദേശ സ്വയംഭരണ വകുപ്പാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ എല്ലാ പി. എച്ച്.സി. കളിലും ആഴ്ചയിൽ ഒരു ദിവസം ഡയബറ്റോളജിസ്റ്റ്, ഹൃദ്രോഗ വിദഗ്ധൻ, ഓങ്കോളജിസ്റ്റ്, ഇ.എൻ. ടി. വിദഗ്ധൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ഡയബറ്റോളജിസ്റ്റ്, ഹൃദ്രോഗവിദഗ്ധൻ, ഓങ്കോളജിസ്റ്റ് എന്നീ വിഭാഗം ഡോക്ടർമാരുടെ ദൗർലഭ്യം നിലവിലുണ്ട്. താലൂക്ക് ജില്ലാ ആശുപത്രികളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുവാൻ പോലും സ്പെഷ്യലിസ്റ്റുകൾ അപര്യാപ്തമാണെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിലൊരിക്കൽ ഇ.എൻ.റ്റി വിദഗ്ധൻ ഉൾപ്പെടെയുള്ള ടി വിഭാഗം വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ല. എന്നാൽ സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| സി) | ഡയബറ്റിസിനും ഹൃദ്രോഗങ്ങൾക്കുമുള്ള അത്യാവശ്യ മരുന്നുകൾ സൗജന്യമായി രോഗികൾക്ക് നൽകുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ആണുള്ളത്; വിശദാംശം നൽകാമോ? | സി) | ഡയബറ്റിസിനും ഹൃദ്രോഗത്തിനുമുള്ള അവശ്യ മരുന്നുകൾ കെ.എം.എസ്.സി.എൽ വഴിയാണ് സംഭരിച്ച് വിതരണം ചെയ്തു വരുന്നത്. ഇത് എല്ലാ വിഭാഗം ജനങ്ങൾക്കും തികച്ചും സൗജന്യമായാണ് സർക്കാർ മേഖലയിലുള്ള ആശുപത്രികൾ മുഖേന വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ